**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4091** **27-10-2021 - ൽ മറുപടിയ്ക്ക്**

**അമൃത് പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ജെ. മാക്സി** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സ്മാർട്ട് സിറ്റി മിഷൻ പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നടത്തിവരുന്ന വികസന പദ്ധതികളുടെ പുരോഗതി അറിയിക്കാമോ; | (എ) | സ്മാർട്ട് സിറ്റി മിഷൻ പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ ഒൻപത് പ്രധാന നഗരങ്ങളിൽ പ്രാവർത്തികമാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയായ അമൃത് പ്രകാരം നടത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഏതൊക്കെ മുൻഗണന മേഖലകളിലാണ് പ്രവൃത്തി നടന്നുവരുന്നത്; | (ബി) | കുടിവെള്ള വിതരണം, സിവറേജ് & സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രൈനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ മുൻഗണനാ മേഖലകളിലായി 1002 പ്രവർത്തികൾ ഏറ്റെടുത്തിട്ടുള്ളതിൽ 738 എണ്ണം പൂർത്തീകരിച്ചു. |
| (സി) | ഭരണാനുമതി ലഭിച്ച പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും അറിയിക്കാമോ? | (സി) | അമൃത് പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്

### പൂർത്തീകരിച്ച പദ്ധതികൾ

**117.5 കോടി രൂപയുടെ 12 പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചു**

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്റ്റ് കോസ്റ്റ് (കോടി) |
|---|---|---|
| 1 | ഹോസ്പിറ്റൽറോഡ് നവീകരണം: നടപ്പാത മഹാരാജ മുതൽബോട്ട് ജെട്ടി വരെ | 4.70 |
| 2 | ഇ. ഹെൽത്ത് സൊല്യൂഷൻ ഫോർ ജനറൽ ഹോസ്പിറ്റൽ | 3.37 |
| 3 | വീടുകളിലേക്കും സ്ട്രീറ്റുകളി ലേക്കുമുള്ള മാലിന്യശേഖരണ സംവിധാനം | 0.67 |
| 4 | ഡച്ച് പാലസ് പ്രവേശന റോഡ് നവീകരണം | 1.21 |
| 5 | ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (ITMS) | 26.90 |
| 6 | ഇന്റഗ്രേറ്റഡ് കമാൻഡ് കണ്ട്രോൾ ആൻഡ് കമ്മ്യൂണിക്കേഷൻ സെന്റർ | 64.50 |
| 7 | സോളാർ റൂഫ് ടോപ് പദ്ധതി | 5.70 |
| 8 | ഓപ്പൺഎയർതിയേറ്റർ, ഫോർട്ട് കൊച്ചി | 1.07 |
| 9 | വാസ്കോ സ്ക്വയർനവീകരണം | 1.93 |
| 10 | ഹെൽത്ത് എ ടി എം | 0.10 |
| 11 | പോലീസ് കിയോസ്ക് | 0.014 |
| 12 | മറൈൻ ഡ്രൈവ് വാക് വേ | 7.85 |

### നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്റ്റ് കോസ്റ്റ് (കോടി) | പദ്ധതി പുരോഗതി |
|---|---|---|---|
| 1 | സ്മാർട്ട് റോഡ്സ്, എറണാകുളം | 61.53 | എല്ലാ റോഡുകളും 2021 ഡിസംബർ 31 ന പൂർത്തീകരിക്കും |
| 2 | സ്മാർട്ട് റോഡ്സ്, വെസ്റ്റ് കൊച്ചി | 30.31 | കോൺട്രാക്ടറുടെ പണികളുടെ പുരോഗതി വളരെ മോശം ആയതു കൊണ്ട് പഴയ കോൺട്രാക്ടറെ കരാറിൽ നിന്ന് ഭാഗികം ആയി ഒഴിവാക്കി. ബാക്കി പ്രധാന പണികൾക്കു |

| | | | |
|---|---|---|---|
| | | | പുതിയ ടെൻഡർ ചെയ്യാൻ തീരുമാനമായി. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 3 | ഡെവലെപ്മെന്റ് ഓഫ് അതർറോഡ്സ്, എറണാകുളം | 43.60 | 30 റോഡുകൾ പൂർത്തിയാക്കി ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി കോർപ്പറേഷന് സെപ്റ്റംബർ 24 ന കൈമാറി. ബാക്കി റോഡുകൾ നവംബറിൽ പൂർത്തീകരിക്കുവാൻ നിർദേശം നൽകി |
| 4 | മറ്റ് റോഡുകളുടെ പുനരുദ്ധാരണം (വാർഡ് 1,2) ഫോർട്ട് കൊച്ചി | 34.73 | നവംബർ 2021 ഓടെ റോഡ് പണികൾ മുഴുവൻ പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട് |
| 5 | മറ്റ് റോഡുകളുടെ പുനരുദ്ധാരണം (വാർഡ് 3-5) | 30.13 | ജോലികൾ ആരംഭിച്ചു. മാർച്ച് 2022 ഓടെ പണികൾ പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട് |
| 6 | പബ്ലിക് ബൈസൈക്കിൾഷെയറിംഗ് (PBS), | 1.00 | കെ എം ആർ എല്ലുമായി ചേർന്ന് ആണ് പദ്ധതി നടപ്പാക്കുന്നത്. മൈ ബൈക്ക് എന്ന കമ്പനി പദ്ധതി ഏറ്റെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു. |
| 7 | ക്യാൻസർബ്ലോക്ക്, ജനറൽഹോസ്പിറ്റൽ | 25.00 | 5 നിലകളുടെ പണികൾ പൂർത്തിയായി |
| 8 | ഒ.പി. ആന്റ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കൊച്ചി താലൂക്ക് ആശുപത്രി. | 4.82 | പൈലിങ് പണികൾ പൂർത്തീകരിച്ചു. |
| 9 | ഒ.പി. ആന്റ് അഡ്മിൻബ്ലോക്ക് സ്ത്രീ, കുട്ടികളുടെ ആശുപത്രി, മട്ടാഞ്ചേരി | 4.67 | ഡിസംബർ 2021 ൽ പണികൾ പൂർത്തിയാക്കാൻ നിർദേശം നൽകി. |
| 10 | ഭൂഗർഭ വൈദ്യുതി കേബിളിംഗ് - സ്മാർട്ട് റോഡ് | 71.98 | സ്മാർട്ട് റോഡ് പദ്ധതിയുടെ ഭാഗമാണ്. എ എം റോഡിലെ പണികൾ കഴിഞ്ഞു. ബാക്കി റോഡുകളുടെ പണികൾ പുരോഗമിക്കുന്നു |
| 11 | എൽ.ഇ.ഡി. ലൈറ്റിംഗ് എ.ബി.ഡി പ്രദേശം | 32.06 | 60 റോഡുകളിൽ എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചു. ഡിസംബറോടെ പണികൾ പൂർത്തീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട് |
| 12 | മലിനജല ശേഖരണ ശൃംഖലാ സംവിധാനവും സംസ്കരണവും | 166 | നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പദ്ധതി തത്കാലം നിർത്തിവച്ചിരുന്നു. ജില്ലാ ഭരണകൂടത്തിന്റെയും പോലീസിന്റെയും സഹായത്തോടെ മണ്ണ് പരിശോധന നടത്തി . താത്കാലിക ചുറ്റുമതിലിന്റെ നിർമ്മാണം സെപ്റ്റംബറിൽ പൂർത്തിയാക്കി. |

| | | | |
|---|---|---|---|
| 13 | മൾട്ടി ലെവൽ കാർ പാർക്കിംഗ്, കച്ചേരിപ്പടി | 13.40 | എൻ എച് ഐ ഡി സി എല്ലിനാണ് പദ്ധതി അവാർഡ് ചെയ്തതെങ്കിലും പദ്ധതിയിൽ നിന്ന് അവർ പിന്മാറി |
| 14 | പബ്ലിക് ടോയിലറ്റ്സ് | 0.35 | കണ്ടയ്നർ ടോയ്‌ലറ്റുകൾ മറൈൻ ഡ്രൈവിൽ സ്ഥാപിക്കുന്നത് ആണ് |
| 15 | മൂന്ന് ചെറിയ പാലങ്ങളുടെയും രണ്ടു ഫുട്ട്ഓവർ ബ്രിഡ്ജിന്റെയും നിർമ്മാണം | 15.64 | സർ സായിദ് മുഹമ്മദ് പാലത്തിന്റെ പണികൾ പുരോഗമിക്കുന്നു. പൈലിങ് പണികൾ ഉടൻ തീരും. ഡിസംബറിൽ പണികൾ പൂർത്തിയാക്കും. ചുങ്കം പാലം പൊളിക്കുവാനുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കി. പണികൾ ഉടൻ ആരംഭിക്കും. |
| 16 | ഓപ്പൺ സ്പേസിന്റെയും മ്യൂസിയം ഓഫ് ഫ്രീഡം സ്ട്രഗിളിന്റെയും വികസനം | 4.22 | കരാർ ഒപ്പുവച്ചു. പണികൾ പുരോഗമിക്കുന്നു. ഡിസംബറോടെ എല്ലാ പണികളും പൂർത്തീകരിക്കും. |
| 17 | കൽവത്തി സ്കൂൾ നവീകരണം | 7.06 | താഴത്തെ നിലയുടെ പണികൾ നടക്കുന്നു.ഫെബ്രുവരി 2022 ൽ പണികൾ പൂർത്തിയാക്കും. |
| 18 | സിറ്റി സർവെയ്‌ലൻസ് | 42.61 | പണികൾ പുരോഗമിക്കുന്നു. ഡിസംബറോടെ പണികൾ പൂർത്തീകരിക്കും. |
| 19 | എറണാകുളം മാർക്കറ്റ് പുനർവികസന പുനരധിവാസം | 4.98 | നവംബറിൽ പണികൾ പൂർത്തിയാകും |
| 20 | തുരുത്തി ടവർ | 44.01 | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ ആയ സർവേ, ഡ്രോയിങ് അപ്പ്രൂവൽ എന്നിവ ആരംഭിച്ചു. CRZ അനുമതിക്കായി കത്ത് നൽകിയിട്ടുണ്ട്. |
| 21 | റോഡ് സൈനേജസ് | 2.28 | പണികൾ പുരോഗമിക്കുന്നു റോഡ് പണികൾ തീരുന്ന മുറക്ക് അതാതു റോഡിലെ പണികൾ പൂർത്തീകരിക്കുന്നുണ്ട് |

1. എറണാകുളം മാർക്കറ്റ് പുനർനിർമ്മാണം (Rs 68.80 Cr): ടെൻഡർ സ്റ്റേജിൽ
2. സമഗ്ര ചേരി വികസനം: കോര്‍പറേഷനുമായി ചേർന്ന് വികസന പ്രവർത്തനങ്ങൾ നടത്താനുള്ള ചർച്ചകൾ നടക്കുന്നു
3. സ്മാർട്ട് സിറ്റി ഫണ്ടിൽ നിന്നും 13 കോടി രൂപ PMAY/ലൈഫ് മിഷന്റെ ഭവന പദ്ധതിക്കായി ഉള്ള വിഹിതം കോർപ്പറേഷനു നൽകി .
4. 21 കോടി രൂപ റേ പദ്ധതിയിലെ ടവർ 1 പണിയുവാനായി നൽകി.
5. 1കോടി രൂപ KWA ക്ക്സ്മാർട്ട് വാട്ടർ മീറ്റർ പ്രോജെക്ടനടപ്പാക്കുന്നതിനു ആയി ചിലവഴിച്ചു.

6. 10 കോടി രൂപ മുല്ലശ്ശേരി കനാൽ പദ്ധതിക്കുവേണ്ടി ജില്ലാ ഭരണകൂടത്തിനും 10 കോടി രൂപ രാമേശ്വരം കൽവത്തി കനാലിനുവേണ്ടി കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും കൈമാറി.

**18.10.2021**

## <u>പ്രോജക്ട് പ്രോഗ്രസ് സ്റ്റാറ്റസ് റിപ്പോർട്ട്</u>

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| **1.** | 6 സ്ഥലങ്ങളിലെ പൊതു ശൗചാലയങ്ങളുടെ നവീകരണം | തെരഞ്ഞെടുത്ത 6 സ്ഥലങ്ങളായ മുനിസിപ്പൽ കോർപ്പറേഷൻ, പുത്തരിക്കണ്ടം, തമ്പാനൂർ, കെ.എസ്.ആർ.ടി.സി ഇൻഗേറ്റ്, കെഎസ്ആർടിസി ഔട്ട് ഗേറ്റ്, വഞ്ചിയൂർ എന്നിവിടങ്ങളിൽ പൊതു ശൗചാലയങ്ങൾ പുനസ്ഥാപിക്കൽ നിർമ്മാണം 2020 ജനുവരി 14 ന് ആരംഭിച്ചു.<br><br>പദ്ധതിയുടെ **കരാർ സുലഭ് ഇന്റർനാഷണൽ, കുടുംബശ്രീ 0.545 കോടി രൂപക്ക് നൽകി.**<br><br>**നിലവിലെ പുരോഗതി: 2021 ജനുവരി 15ന് വർക്ക് പൂർത്തീകരിച്ചു.** | പൂർത്തീകരിച്ചു |
| **2.** | 3 സ്ഥലങ്ങളിലെ പൊതു ശൗചാലയ ങ്ങളുടെ പുനർ നിർമ്മാണം | ന്യൂ തിയേറ്ററിനടുത്തുള്ള തമ്പാനൂരിൽ പൊതു ശൗചാലയങ്ങളുടെ പുനർ നിർമ്മാണം 2020 ജനുവരി 29 ന് ആരംഭിച്ചു. **പദ്ധതിയുടെ കരാർ ശ്രീ ബി കെ നജ്ജുദ്ദീന് 0.15 കോടി രൂപക്ക് നൽകി.. 2020 ഡിസംബർ 31ന് വർക്ക് പൂർത്തീകരിച്ചു**.<br><br>മറ്റ് രണ്ട് സ്ഥലങ്ങളായ ഈസ്റ്റ് ഫോർട്ട് ബസ് സ്റ്റാൻഡിന് സമീപവും, ശ്രീപദ്മനാഭ തിയേറ്റർ എന്നിവിടങ്ങളിൽ ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലും നിർമാണത്തിന് കരാറുകാരന് താൽപ്പര്യമില്ലാത്തതിനാലും ഉപേക്ഷിക്കേണ്ടി വന്നു.<br><br>**നിലവിലെ പുരോഗതി ഒരു സ്ഥലത്ത് പ്രോജക്ട് പൂർത്തിയായി (31 ഡിസംബർ 2020).** | പൂർത്തീകരിച്ചു |
| **3.** | 25 സ്ഥലങ്ങളിൽ കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കൽ | 25 സ്ഥലങ്ങളിൽ കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കൽ 2020 ജനുവരി 10 ന് വർക്ക് ആരംഭിച്ചു. **പദ്ധതിയുടെ കരാർ ഒയാസിസ് ഡബ്ല്യുഎഫ്എസ് (പി) ലിമിറ്റഡിന് 2.2 കോടി രൂപയ്ക്ക് നൽകി.** 13 സ്ഥലങ്ങളിൽ 2021 ജനുവരി 31ന് വർക്ക് പൂർത്തീകരിച്ചു.<br>12 സ്ഥലങ്ങളിലെ സിവിൽ ജോലികൾ നടക്കുന്നു. 2021 ഒക്ടോബർ 31, പൂർത്തിയാകുന്ന തീയതി.<br>സ്ഥാപിക്കുന്ന സ്ഥലങ്ങൾ ഇപ്രകാരമാണ്:<br>1. ശ്രീചിത്ര പാർക്കിനുള്ളിൽ<br>2. കോർപ്പറേഷൻ കാമ്പസ് – 1<br>3. കോർപ്പറേഷൻ കാമ്പസ് – 2 | **2021 ഒക്ടോബർ 31** |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | | 4. ഗാന്ധിപാർക്ക് cafeteria-ക്ക് സമീപം<br>5. പുത്തരിക്കണ്ടം മൈതാനത്തിനുള്ളിൽ -1<br>6. പുത്തരിക്കണ്ടം മൈതാനത്തിനുള്ളിൽ -2<br>7. പുത്തരിക്കണ്ടം മൈതാനത്തിനുള്ളിൽ -3<br>8. സ്ത്രീകളുടേയുംകുട്ടികളുടേയും ആശുപത്രി – തൈയ്ക്കാട് – 1<br>9. സ്ത്രീകളുടേയുംകുട്ടികളുടേയും ആശുപത്രി – തൈയ്ക്കാട് - 2<br>10. തമ്പാനൂർ ഗവ. യു.പി സ്ക്കൂളിനുള്ളിൽ<br>11. രാജാജി നഗർ അംഗൻവാടി<br>12. ഗവ. മോഡൽ BHSS തൈയ്ക്കാട് – 1<br>13. ഗവ. മോഡൽ BHSS തൈയ്ക്കാട് – 2<br>14. ചാല പുതിയ മാർക്കറ്റ് ബ്ലോക്കിന് സമീപം -1<br>15. ചാല പുതിയ മാർക്കറ്റ് ബ്ലോക്കിന് സമീപം -2<br>16. RMS തമ്പാനൂർ ബസ്സ് സ്റ്റാന്റ്<br>17. ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം<br>18. SMV സ്ക്കൂളിന് സമീപം<br>19. വഴുതയ്ക്കാട് SBI ക്ക് എതിർവശം<br>20. സ്വീറ്റ് മഹലിന് എതിർവശത്ത്, ബേക്കറി ജംഗ്ഷനിലെ ലെതർ ഷോപ്പിന് സമീപം<br>21. യൂണിവേഴ്സിറ്റി കോളേജ് പ്രവേശന കവാടത്തിനടുത്ത്<br>22. കനകക്കുന്നിന് എതിർവശത്ത് ചിൽഡ്രൻസ് പാർക്കിന് മുന്നിൽ<br>23. ശ്രീ ചിത്ര ഹോം കവാടത്തിന് സമീപം<br>24. നന്ദാവനം ബുക്ക് സ്റ്റാളുകൾക്ക് സമീപം<br>25. ചിൽഡ്രൻസ് പാർക്ക് | |
| **4.** | പാളയം A ബ്ലോക്കിൽ മൾട്ടി ലെവൽ കാർ പാർക്കിംഗ് നിർമ്മാണം | പാളയം മാർക്കറ്റിലെയും ചുറ്റുമുള്ള വാണിജ്യ മേഖലകളിലെയും കാർ പാർക്കിംഗിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എ-ബ്ലോക്കിൽ ഒരു ഇലക്ട്രോ മെക്കാനിക്കൽ മൾട്ടി ലെവൽ കാർ പാർക്കിംഗ് പാളയത്തിലെ സാഫല്യം കോംപ്ലക്സിന് പിന്നിൽ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി.<br><br>പദ്ധതിയുടെ കരാർ **അഫോർഡബിൾ റോബോട്ടിക് & ഓട്ടോമേഷൻ ലിമിറ്റഡ് (M/s Affordable Robotic & Automation Ltd.) 30.21 കോടി. പ്രവർത്തനം ആരംഭിച്ചു.**<br><br>2022 മെയ് ആണ് പദ്ധതി പൂർത്തീകരിക്കാൻ പ്രതീക്ഷിക്കുന്നത് | **30.05.2022** |
| **5.** | തമ്പാനൂരിലെ മൾട്ടി ലെവൽ കാർ പാർക്കിംഗ് നിർമ്മാണം | സെൻട്രൽ റെയിൽവേ സ്റ്റേഷന് എതിർവശത്തുള്ള തമ്പാനൂരിൽ മൾട്ടി ലെവൽ കാർ പാർക്കിംഗിന്റെ നിർമ്മാണം 2020 ഫെബ്രുവരി 03 ന് ആരംഭിച്ചു.<br>പദ്ധതിയുടെ കരാർ **ഹൈദർ കൺസ്ട്രക്ഷൻസിന് 18.89 കോടി രൂപയ്ക്ക് നൽകി.**<br>ജൂൺ 2022 ഓടെ വർക്ക് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>**നിലവിലെ പുരോഗതി:** രണ്ടാം നിലയുടെയും ബേസ്മെന്റ് വർക്കുകൾ പുരോഗമിക്കുന്നു. ബിൽഡിംഗ് പെർമിറ്റും പ്രാരംഭ ഫയർ എൻഒസിയും ലഭിച്ചു. | **30.06.2022** |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| **6.** | പബ്ലിക്ക് ഓഫീസ് - മൾട്ടി ലെവൽ കാർ പാർക്കിംഗ് നിർമ്മാണം | പബ്ലിക് ഓഫീസിൽ ഓട്ടോമേറ്റഡ് എം.എൽ.സി.പി (MLCP) നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഡിപിആർ തയ്യാറാക്കുന്നതിനും ടെൻഡർ ജോലികൾ ചെയ്യുന്നതിനുമായി എൻ.എച്ച്.ഐ.ഡി.സിഎല്ലിന് **15.61 കോടി** രൂപയ്ക്ക് നൽകിയിരുന്നു. മൂന്ന് ടവറുകളുള്ള 120 കാർ പാർക്കിംഗിന് (ജി + 20)<br><br>**നിലവിലെ സ്ഥിതി**: പദ്ധതി 10.4 കോടി രൂപയ്ക്ക് ഇ.പി.സി മോഡിൽ 16/09/2021 ന് ടെണ്ടർ ചെയ്തു | |
| **7.** | സ്മാർട്ട് റോഡ് (KRFB / PWD) 1 & 2 A<br>.<br>. | എ.ബി.ഡി ഏരിയയിലെ റോഡുകൾ സ്മാർട്ട് റോഡുകളാക്കി മാറ്റുന്നതിനുള്ള ടെണ്ടറിംഗ് ജോലികൾ (പി.ഡബ്ല്യു.ഡി.യുടെയും കെ.ആർ.എഫ്.ബി.യുടെയും ഉടമസ്ഥതയിലുള്ള റോഡുകൾ) കേരള റോഡ് ഫണ്ട് ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കുകയും സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് ഫണ്ടിംഗ് ഏജൻസിയായിരിക്കുകയും ചെയ്യും. ഇലക്ട്രിക്കൽ കേബിളുകൾ (എൽടി / എച്ച്ടി), ടെലികോം, ഡിജിറ്റൽ ടിവി, ഒ.എഫ്.സി കേബിളുകൾ വാട്ടർ ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് അണ്ടർ ഗ്രൌണ്ട് മൾട്ടി യൂട്ടിലിറ്റി ഡക്കുകളുടെ നിർമ്മാണം, സ്മാർട്ട് റോഡ് പദ്ധതിയിൽ ഉൾപ്പെടുന്നു.<br><br>ഐആർസി കോഡുകൾ അനുസരിച്ച് റോഡ്, ജംഗ്ഷൻ മെച്ചപ്പെടുത്തലുകളും നടത്തും**36.94 കിലോമീറ്റർ റോഡുകൾക്കുള്ള ആകെ പദ്ധതി വിഹിതം 457.10 കോടി രൂപയാണ്.**<br>പൂർത്തിയാക്കുന്ന തീയതി 2023 ഫെബ്രുവരി<br>പ്രോജക്ട് രണ്ട് തവണ ടെൻഡർ ചെയ്തിരുന്നുവെങ്കിലും ബിഡ്ഡേഴ്സിനെ തെരഞ്ഞെടുക്കാൻ കഴിഞ്ഞില്ല. അതിനാൽ പദ്ധതി മൂന്ന് ഭാഗങ്ങളായി (ഘട്ടം 1 & 2 എ, ഘട്ടം 3; ഘട്ടം 4 ബി). വിഭജിച്ച് പ്രത്യേകം ടെൻഡർ ചെയ്തു.<br>ഈ വർക്ക് **എൻ.എ കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (M/S NA Constructions Pvt. Ltd) 136.955 കോടി** രൂപയ്ക്ക് നൽകി. 2023 ഫെബ്രുവരിയിൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു | 2023 ഫെബ്രുവരിയിൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |
| **8.** | **സ്മാർട്ട് റോഡ്** (KRFB / PWD) - **ഘട്ടം 3** | ഈ വർക്ക് **എൻ.എ കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (M/S NA Constructions Pvt. Ltd) 141.841 കോടി** രൂപയ്ക്ക് നൽകി. 2023 ഫെബ്രുവരിയിൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു | 2023 ഫെബ്രുവരിയിൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |
| **9.** | **സ്മാർട്ട് റോഡ് ഘട്ടം** 4B (PWD **റോഡുകൾ)** | ഈ വർക്ക് **ആർ.കെ മദാനി & കമ്പനിക്ക് 147.496 കോടി** രൂപയ്ക്ക് നൽകി. 2023 ഫെബ്രുവരിയിൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു<br><br>**നിലവിലെ സ്ഥിതി**:<br><br>2021 ജനുവരി 08 ന് വർക്ക് അവാർഡ് ചെയ്തു. | 2023 ഫെബ്രുവരിയിൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | | സർവേ പ്രവൃത്തികൾ പുരോഗമിക്കുന്നു. കെ.ആർ.എഫ്.ബി നിർവ്വഹണത്തിനായി ഒരു സമർപ്പിത ടീമിനെ നിയോഗിച്ചു. ഐപിഇ ഗ്ലോബലിന്റെ സഹായത്തോടെ സൈറ്റ് മേൽനോട്ടവും നടക്കുന്നുണ്ട്. അനുബന്ധ നോഡൽ ഓഫീസർമാരുമായുള്ള ഇന്റർ ഡിപാർട്ട്മെന്റൽ മീറ്റിംഗുകളും പുരോഗമിക്കുന്നു | |
| **10** | സ്മാർട്ട് റോഡ് (കോർപ്പറേഷൻ) | സ്മാർട്ട് റോഡുകളിൽ ടെണ്ടറിന്റെ രണ്ടാമത്തെ പാക്കേജാണിത്. എബിഡി ഏരിയയ്ക്കുള്ളിലെ കോർപ്പറേഷൻ റോഡുകളെ സ്മാർട്ട് റോഡുകളാക്കി മാറ്റുന്നതിനുള്ള ടെൻഡർ ജോലികൾ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് ഏറ്റെടുത്തിരിക്കുന്നു. ഇലക്ട്രിക്കൽ കേബിളുകൾ (എൽടി / എച്ച്ടി), ടെലികോം കേബിളുകൾ, ഡിജിറ്റൽ ടിവി കേബിളുകൾ, ഒ.എഫ്.സി കേബിളുകൾ, എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് മൾട്ടി യൂട്ടിലിറ്റി ഡക്ടുകളുടെ നിർമ്മാണം സ്മാർട്ട് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഐ.ആർ.സി കോഡുകൾ അനുസരിച്ച് റോഡ്, ജംഗ്ഷൻ മെച്ചപ്പെടുത്തലുകളും നടത്തും. ഈ പ്രോജക്ടിന്റെ ആകെ പദ്ധതി വിഹിതം 9.87 കിലോമീറ്റർ റോഡുകൾക്ക് 106.1 കോടി രൂപയാണ്.<br><br>ഈ വർക്ക് **എൻ.എ കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (M/S NA Constructions Pvt. Ltd) 104.055 കോടി** രൂപയ്ക്ക് നൽകി. 2022 ഫെബ്രുവരിയിൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു<br><br>**നിലവിലെ പുരോഗതി:** വർക്ക് അവാർഡ് 2020 സെപ്റ്റംബർ 22 ന് നൽകുകയും കരാർ നടപ്പാക്കുകയും ചെയ്തു. സൈറ്റ് സർവേകൾ പൂർത്തിയായി. ഫോർട്ട് വാർഡിൽ സ്റ്റോം വാട്ടർ ഡ്രെയിനിന്റെയും ഉപയോഗവും മൾട്ടി യൂട്ടിലിറ്റി ഡക്ടിന്റെയും പ്രവർത്തനം പുരോഗമിക്കുന്നു. | 2022 ഫെബ്രുവരിയിൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |
| **11.** | സ്മാർട്ട് റോഡ് ഘട്ടം -5 (കോർപ്പറേഷൻ) | കോർപ്പറേഷൻ റോഡുകൾക്കായുള്ള സ്മാർട്ട് റോഡിന്റെ നിർമ്മാണം (ഘട്ടം -5) 51 കോടി രൂപയാണ് പദ്ധതിവിഹിതം. പ്രോജക്ട് സേവിംഗ്സ് / ഫണ്ട് ലഭ്യത അടിസ്ഥാനമാക്കി ടെണ്ടർ ലഭ്യമാക്കും. | |
| **12.** | 5 സ്ഥലങ്ങളിലെ സ്മാർട്ട് ബസ് ഷെൽട്ടർ (ഘട്ടം -1) | പനവിള, ആയുർവേദ കോളേജ്, തമ്പാനൂരിന് സമീപമുള്ള ആർ.എം.എസ്., കിള്ളിപ്പാലം, വിമൻസ് കോളേജിന് സമീപം എന്നിങ്ങനെ 5 സ്ഥലങ്ങളിൽ സ്മാർട്ട് ബസ് സ്റ്റോപ്പുകളുടെ നിർമ്മാണം 2019 മെയ് 24 ന് ആരംഭിച്ചു. പദ്ധതിയുടെ **കരാർ ശ്രീ. പി.ആർ. മോഹനകുമാറിന് 0.886 കോടി രൂപ**യ്ക്കാണ്. **2020 നവംബർ 20 ന് പദ്ധതി പൂർത്തീകരിച്ചു.** | പൂർത്തീകരിച്ചു |
| **13.** | 19 സ്ഥലങ്ങളിൽ സ്മാർട്ട് ബസ് ഷെൽട്ടർ (ഘട്ടം -2) | 19 സ്ഥലങ്ങളിൽ സ്മാർട്ട് ബസ് സ്റ്റോപ്പുകളുടെ രണ്ടാം ഘട്ട നിർമ്മാണം ഏകദേശം 3.42 കോടി രൂപയാണ്. സ്മാർട്ട് റോഡ് നിർവ്വഹിക്കുന്നതിലെ പുരോഗതിയെ അടിസ്ഥാനമാക്കി പദ്ധതി ടെൻഡർ ചെയ്യും. | |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| **14.** | 15 ഇ-ഓട്ടോകളുടെ പദ്ധതി | തിരുവനന്തപുരത്ത് ഇലക്ട്രിക് മൊബിലിറ്റി പ്രോത്സാഹിപ്പി ക്കുന്നതിനായി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് 15 ഇ-ഓട്ടോകൾ വാങ്ങി. മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുത്ത വനിതാ ഗുണഭോക്താക്കളും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുള്ള സ്ത്രീകളും ഗുണഭോക്താക്കളുമാണ് വാഹനങ്ങൾ പ്രവർത്തിപ്പിക്കുക. **കേരള ഓട്ടോമൊബൈൽ ലിമിറ്റഡ്** വഴിയാണ് വാഹനങ്ങൾ വാങ്ങുന്നത്. **മൊത്തം പദ്ധതി ചെലവ് Rs. 0.44 കോടി രൂപയാണ്.**<br><br>**2020 ഓഗസ്റ്റ് 22 നാണ് 15 ഇ-ഓട്ടോകളുടെ ഉദ്ഘാടനവും കൈമാറ്റവും നടന്നത്.** | പൂർത്തീകരിച്ചു |
| **15.** | 15 ഇ-റിക്ഷകളുടെ പദ്ധതി | തിരുവനന്തപുരത്ത് ഇലക്ട്രിക് മൊബിലിറ്റി ആശയം പ്രോത്സാഹിപ്പിക്കുന്നതിനായി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ്15 ഇ-റിക്ഷകൾ വാങ്ങി. മുനിസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുത്ത വനിതാ ഗുണഭോക്താക്കളും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുള്ള സ്ത്രീകളും ഗുണഭോക്താക്കളുമാണ് വാഹനങ്ങൾ പ്രവർത്തിപ്പിക്കുക. 13 വനിതാ ഗുണഭോക്താക്കൾക്കും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുള്ള 2 ഗുണഭോക്താക്കൾക്കും നൽകി.<br><br>**M/s കൈനറ്റിക് ഗ്രീൻ എനർജി ആൻഡ് പവർ സൊല്യൂഷൻസ് ലിമിറ്റഡ്** വഴി വാഹനങ്ങൾ വാങ്ങുന്നു. മൊത്തം **പദ്ധതി ചെലവ് 0.34 കോടി രൂപയാണ്.**<br><br>**15 ഇ-റിക്ഷകളുടെ ഉദ്ഘാടനവും കൈമാറ്റവും 2020 ഓഗസ്റ്റ് 18, 2020 ഓഗസ്റ്റ് 27, 2020 സെപ്റ്റംബർ 18** (ബാച്ചുകളായി) നടന്നു.<br><br>**നിലവിലെ പുരോഗതി** - 18 സെപ്റ്റംബർ 2020 ന് പദ്ധതി പൂർത്തീകരിച്ചു. 6 വാഹനങ്ങൾ പിന്നീട് കുടുമ്പശ്രീക്ക് കൈമാറി | പൂർത്തീകരിച്ചു |
| **16.** | ഇ-ഓട്ടോ / ഇ-റിക്ഷയ്ക്കായി ഇ.വി. ചാർജറിന്റെ സംഭരണം | കെ.എസ്.ഇ.ബി.യുമായി കൂടിയാലോചിച്ച് എ.ബി.ഡി. ഏരിയയിലെ 3 സ്ഥലങ്ങളിൽ (ഗാന്ധി പാർക്ക്, ആർ.കെ.വി. റോഡ്, ചരിത്ര വീഥി) ഇ-ഓട്ടോ / ഇ-റിക്ഷയ്ക്കുള്ള ചാർജിംഗ് സൗകര്യം സ്ഥാപിക്കാൻ ഒരുങ്ങുന്നു. **പവർസോൺ സർവീസ് സൊല്യൂഷൻ (M/s Powerzone Service Solutions)** കരാർ നൽകിയത്. മൊത്തം **പദ്ധതി ചെലവ് 0.04 കോടി രൂപയാണ്.**<br><br>ഗാന്ധി പാർക്കിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് **2020 സെപ്റ്റംബർ 18 ന് പൂർത്തീകരിച്ചു.**<br>**നിലവിലെ സ്ഥിതി**:<br><br>**നിലവിലെ പുരോഗതി**; ഗാന്ധി പാർക്കിൽ 2 ഇ.വി ചാർജർ പൂർത്തിയായി. | പദ്ധതി രണ്ടെണ്ണം പൂർത്തീകരിച്ചു. രണ്ടു ചാർജറുകൾ വിജയകരമായി പ്രവർത്തിക്കുന്നു . |

| ക്രമ നം | പ്രോജക്റ്റ് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | | **ബാക്കിയുള്ള ജോലികൾ:** മൂന്നാമതു ഒരു സ്ഥലത്ത് EV ചാർജറുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം കാത്തിരിക്കുന്നു | |
| **17.** | പാളയത്തിലെ മാലിന്യങ്ങളുടെ ബയോ മൈനിംഗ് | 3 വർഷമെടുക്കുമെന്ന് കണക്കാക്കപ്പെടുന്ന മാർക്കറ്റിന്റെ നിർമ്മാണ സമയത്ത് താൽക്കാലിക പുനരധിവാസത്തിനായി മാർക്കറ്റിന്റെ നിലവിലുള്ള കച്ചവടക്കാർക്ക് പുനരധിവാസ-ബ്ലോക്ക് നിർമ്മിക്കുന്നതിന് കണ്ണിമേറാ മാർക്കറ്റിന് പിന്നിലുള്ള മാലിന്യ നിക്ഷേപം മാറ്റേണ്ടതുണ്ട്. ബയോമൈനിംഗ് പ്രക്രിയയിലൂടെ ഭൂമി വീണ്ടെടുക്കൽ നടക്കുന്നു, C.P.C.B മാനദണ്ഡമനുസരിച്ച് മാലിന്യങ്ങൾ നീക്കം ചെയ്യും.<br><br>2020 മാർച്ച് 02 ന് ചെന്നൈയിലെ **എം.എസ്.ജി ഇൻഫ്രയ്ക്ക് 0.91 കോടി രൂപയ്ക്ക്** കരാർ നൽകി. പണി പൂർത്തീകരിച്ചു. | **പൂർത്തീകരിച്ചു** |
| **18.** | പാളയം മാർക്കറ്റിന്റെ നവീകരണം | പാളയത്തിലെ നിലവിലുള്ള കണ്ണിമേറാ മാർക്കറ്റ് പൊളിച്ചുമാറ്റുന്നു, 300 കാർ പാർക്കുകൾക്കായി (ഇലക്ട്രോ-മെക്കാനിക്കൽ) ജി +3 ഘടനയും 2 ലെവൽ ബേസ്മെന്റ് പാർക്കിംഗും ഉപയോഗിച്ച് പുതിയ മാർക്കറ്റ് കെട്ടിടം നിർമ്മിക്കാൻ ഒരുങ്ങുന്നു. വിപണിയിൽ നിലവിലുള്ള വെണ്ടർമാരെ ഉൾക്കൊള്ളാൻ ഗ്രൗണ്ട് ഫ്ളോറും മുകളിലത്തെ നിലകൾ അനുയോജ്യമായ ഏജൻസികൾക്ക് തിരുവനന്തപുരം കോർപ്പറേഷനും സ്മാർട്ട്സിറ്റി തിരുവനന്തപുരം ലിമിറ്റഡും പാട്ടത്തിന് നൽകുകയും ചെയ്യും.<br><br>**ആർ.ഡി.എസ് പ്രോജക്റ്റ് ലിമിറ്റഡിന് 73.23 കോടി രൂപയ്ക്ക് വർക്ക് ഓർഡർ നൽകി.**<br><br>**2023 സെപ്റ്റംബർ 16 നകം പണി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.**<br><br>**നിലവിലെ സ്ഥിതി**:<br><br>2021 ജനുവരി 13 ന് ട്രിഡ സൈറ്റ് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന് കൈമാറി. പുനരധിവാസ ബ്ലോക്കിന്റെ നിർമ്മാണത്തിന് ശേഷം മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കും | **16.09.2023** |
| **19.** | ട്രിഡയ്ക്കുള്ള പുനരധിവാസ ബ്ലോക്ക് | പാളയം മാർക്കറ്റ് പ്രോജക്ടുമായി ചേർന്നുള്ള പദ്ധതിയാണിത്. പാളയം മാർക്കറ്റിൽ നിലവിലുള്ള കച്ചവടക്കാരുടെ താൽക്കാലിക പുനരധിവാസത്തിനായി പുനരധിവാസ ബ്ലോക്കുകൾ വികസിപ്പിക്കുന്നതിന് ട്രിഡയുടെ ഉടമസ്ഥതയിലുള്ള കണ്ണിമേറാ മാർക്കറ്റിന് പിന്നിലുള്ള ഭൂമി ഉപയോഗപ്പെടുത്തുന്നു.<br><br>**ആർഡിഎസ് പ്രോജക്റ്റ് ലിമിറ്റഡിന് 17.503 കോടി രൂപയ്ക്ക് വർക്ക് ഓർഡർ നൽകി.** | **30.05.2022** |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | | **2022 മെയ് 30 നകം** പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. | |
| **20.** | ചാലയിൽ വെയർഹൗസിങ്ങ് നിർമ്മാണം & ചാലയിലെ മാലിന്യ സംസ്കരണം | ചാല മാർക്കറ്റിൽ നിന്നും സമീപ വിപണികളിൽ നിന്നുമുള്ള കച്ചവടക്കാരുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംഭരണ സൗകര്യം വികസിപ്പിക്കുന്നതിനായി ചാലയിൽ വെയർഹൗസിംഗ് സൗകര്യം ഒരുക്കുന്നു.<br>**ശ്രീ അബ്ദുൽ വാഹിദിന് 18.65 കോടി** രൂപയ്ക്ക് വർക്ക് ഓർഡർ നൽകി.<br><br>**നിലവിലെ പുരോഗതി:** സ്ഥലത്തിന് ചുറ്റും താത്കാലിക മതിൽ കെട്ടുന്നതും മാലിന്യം നീക്കംചെയ്യുന്ന പ്രവർത്തിയും ആരംഭിച്ചു.<br><br>**ബാക്കിയുള്ള ജോലികൾ**:. പൈലിംഗ് ജോലികൾ ആരംഭിച്ചു.<br>**2022 ജൂണിൽ** പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു<br><br>**ചാലയിലെ മാലിന്യ സംസ്കരണം**<br>**ശ്രീ അബ്ദുൽ വാഹിദിന് 0.475 കോടി** രൂപയ്ക്ക് വർക്ക് ഓർഡർ നൽകി. | **30.06.2022** |
| **21.** | പുത്തരിക്കണ്ടം മൈതാനത്ത് ഓപ്പൺ എയർ തിയേറ്ററിന്റെയും പാർക്കിന്റെയും നിർമ്മാണം | കിഴക്കേകോട്ടയിലെ പുത്തരിക്കണ്ടം മൈതാനം പുനർവികസനം നടത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മൈതാനത്തിലേക്ക് ഒരു വിശാലമായ പ്രവേശനം ഒരുക്കുന്നതിനായി വിപുലീകരിച്ച എൻട്രൻസ് ഗേറ്റ്‌വേ, പ്രദേശത്തിന് സ്ഥിരമായ തണൽ കൊണ്ടുവരുന്നതിനായി ഇ.കെ. നായനാർ പാർക്കിന് ചുറ്റുമുള്ള നടപ്പാത, വൈഫൈ ഹോട്ട്സ്പോട്ട്, സിസിടിവി, ജോഗിംഗ് ട്രാക്ക് സൃഷ്ടിക്കൽ, ലാൻഡ്സ്കേപ്പിംഗ്, എമർജൻസി കോൾ ബോക്സ്, പബ്ലിക് ഇൻഫർമേഷൻ ഡിസ്പ്ലേ സിസ്റ്റം തുടങ്ങിയ ഐ.സി.ടി. ഘടകങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്..<br><br>**ശ്രീ. എസ്.ബി. സുബ്രഹ്മണ്യം (സുബ്രഹ്മണ്യം & കമ്പനി) ക്ക് 9.545 കോടി** രൂപയ്ക്ക് വർക്ക് ഓർഡർ നൽകി.<br><br>**നിലവിലെ പുരോഗതി:** ഗാലറി പ്രവർത്തനം പുരോഗമിക്കുന്നു. കോമ്പൗണ്ട് മതിൽ ടോയ്‌ലറ്റ്, മൊബൈൽ ഷെൽട്ടറുകൾ തീം പാർക്ക് മുതലായ സിവിൽ ജോലികൾ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.<br>പൂർത്തിയാകുന്ന തീയതി 2021 ഡിസംബർ 31 | **31.12,2021** |
| **22.** | കിഴക്കേകോട്ടയിലെ സെൻട്രൽ പ്ലാസയ്ക്ക് മുകളിൽ | കിഴക്കേകോട്ടയിലെ പുത്തരിക്കണ്ടം മൈതാനം പുനർ വികസിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം, ഇ.കെ നയനാർ മെമ്മോറിയൽ പ്ലാസയ്ക്ക് മുകളിലൂടെ ഒരു ടെൻസൈൽ റൂഫിങ് കൂടി ഒരുക്കുന്നു. ഇ.കെ | **30.08,2022** |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | ടെൻസൈൽ മേൽക്കൂര സ്ഥാപിക്കൽ | നായനാർ പാർക്കിന് മുകളിലൂടെ ടെൻസൈൽ റൂഫിങ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് **ലക്ഷ്മി കൺസ്ട്രക്ഷൻസ് കമ്പനിക്ക് 2.21 കോടി** രൂപയ്ക്ക് വർക്ക് ഓർഡർ നൽകി. **2022 ഓഗസ്റ്റ് 30 ന്** പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. | |
| **23.** | പൈതൃക നടപ്പാതകൾ (സിവിൽ + ഐടി + ക്യൂറേഷൻ) | തിരുവനന്തപുരത്തെ വിവിധ പൈതൃക മേഖലകളെ ബന്ധിപ്പിക്കുന്നതിനായി ഒരു പൈതൃക നടപ്പാത വികസിപ്പിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതി ചെലവ് ഏകദേശം **0.96** കോടി രൂപയാണ്. സ്മാർട്ട് റോഡ് നിർവ്വഹിക്കുന്നതിലെ പുരോഗതിയെ അടിസ്ഥാനമാക്കി പദ്ധതി ടെൻഡർ ചെയ്യും | |
| **24.** | ഇൻട്രാക്ടീവ് ഇൻഫർമേഷൻ കിയോസ്കുകളുടെ നിർമ്മാണം (ഐ.ടി. ഉപകരണ സംഭരണം) | വിനോദസഞ്ചാരികളുടെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഹോട്ടലുകളുടെ ലഭ്യത മുതലായവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സേവനവും വിജ്ഞാന വാസ്തുവിദ്യയും കൈകാര്യം ചെയ്യുന്നതിലൂടെ കിയോസ്കുകൾക്ക് 'വൺ-സ്റ്റോപ്പ് ഷോപ്പുകളായി' പ്രവർത്തിക്കാനാകും. അതുവഴി സമയവും പണവും ലാഭിക്കാനാകും.<br><br>**എൽ.ആർ. ഇൻഫോടെക്കിന് 0.472 കോടി** രൂപയ്ക്ക് വർക്ക് ഓർഡർ നൽകി. ഐ.സി.ടി ഘടകങ്ങളുടെ ഇൻസ്റ്റാളേഷൻ 2020 മെയ് 19 ന് ആരംഭിച്ചു,<br><br>**നിലവിലെ പുരോഗതി:** പൈലറ്റ് കിയോസ്ക്കുകൾ (സോഫ്റ്റ് വെയർ, ഹാർഡ്‌വെയർ) ഇൻസ്റ്റാളേഷൻ പൂർത്തിയായി. അടുത്ത നാല് കിയോസ്കുകൾക്കായി പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്,. | **31.10,2021** |
| **25.** | ഇൻഫർമേഷൻ കിയോസ്കുകളുടെ നിർമ്മാണം (സിവിൽ ഘടകം) | രണ്ട് സ്ഥലങ്ങളിൽ ഇൻട്രാക്ടീവ് ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനും, ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനും ഒരു ചെറിയ വിവര കിയോസ്ക് കെട്ടിടം നിർമ്മിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.<br>പദ്ധതിയുടെ സിവിൽ ഘടനയുടെ നിർമ്മാണം 2020 മെയ് 12 ന് **കുടുംബശ്രീക്ക് 0.074 കോടി** രൂപയ്ക്ക് വർക്ക് ഓർഡർ നൽകി. 2020 മെയ് 15 ന് ആരംഭിച്ച നിർമാണം **2020 ഒക്ടോബ 31 ന് പൂർത്തീകരിച്ചു.** | **പൂർത്തീകരിച്ചു** |
| **26.** | പുത്തൻചന്തയിലേയും ശ്രീകണ്ഠേശ്വരത്തേയും ക്ഷേത്ര കുളങ്ങളുടെ നവീകരണം | പൈതൃകം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ക്ഷേത്ര ടാങ്കുകളുടെ സംരക്ഷണം. പുത്തൻചന്ത, ശ്രീകണ്ഠേശ്വരം എന്നിവിടങ്ങളിൽ നിലവിലുള്ള ക്ഷേത്ര ടാങ്കുകൾ വൃത്തിയാക്കുക, ലാൻഡ്സ്കേപ്പ് വികസനം, മണ്ഡപങ്ങൾ പുനസ്ഥാപിക്കൽ / നിർമ്മാണം എന്നിവയാണ് ഉദ്ദേശിക്കുന്നത്. | **25.10.2021** |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | | ശ്രീ. എസ്. സതികുമാറിന് 2020 മാർച്ച് 2 ന്, **0.99 കോടി രൂപയ്ക്ക്** വർക്ക് ഓർഡർ നൽകി. സൈറ്റ് 2020 ജൂൺ 11 ന് കരാറുകാരന് കൈമാറി.<br>**2021 ഒക്ടോബർ 25 നകം പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു**.. | |
| **27.** | 5 സ്ഥലങ്ങളിൽ പ്രതിമകൾ | തിരുവനന്തപുരം സിറ്റിയിലെ എ.ബി.ഡി. പ്രദേശത്തെ പ്രധാന സ്ഥലങ്ങളിൽ **3.38 കോടി രൂപ** ചെലവിൽ 5 ആർട്ട് ഇൻസ്റ്റാളേഷനുകൾ സ്ഥാപിക്കാനാണ് ഈ പദ്ധതി നിർദ്ദേശം. EOI പുറപ്പെടുവിച്ചെങ്കിലും നല്ലരീതിയിലുള്ള പ്രതികരണം ലഭിച്ചില്ല. റീ ടെണ്ടർ ചെയ്യും. | |
| **28.** | അർബൻ സ്ട്രീറ്റ് ഹാത്ത്: ചരിത്രവീഥി (ശ്രീചിത്രാ പാർക്ക് ഉൾപ്പെടെ) | തിരുവനന്തപുരം നഗരത്തിലെ കിഴക്കേക്കോട്ടയിൽ ഒരു പുതിയ ലാൻഡ്മാർക്ക് ലൊക്കേഷൻ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ശ്രീ ചിത്രാ പാർക്കും തൊട്ടടുത്ത താലൂക്ക് റോഡിന്റെ ഒരു ഭാഗവും നിർമ്മാണത്തിനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇരിപ്പിടം, ഒരു പരമ്പരാഗത മണ്ഡപം, ക്രാഫ്റ്റ് സ്റ്റാളുകൾ, ഒരു സെൽഫി പോയിന്റ്, ജലധാരയുള്ള ലൈറ്റ് & സൗണ്ട് ഷോ എന്നിവ അവതരിപ്പിച്ചുകൊണ്ട് ശ്രീചിത്രാ പാർക്കിന്റെ പുനർവികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. താലൂക്ക് റോഡ് ഒരു സ്മാർട്ട് റോഡാക്കിമാറ്റുന്നു. സ്വാഗതാർഹമായ സ്ട്രീറ്റ്സ്കേപ്പ് ഒരു ഫുഡ് സ്ട്രീറ്റായി വിഭാവനം ചെയ്യുന്നു (ഇരിപ്പിടങ്ങളുള്ള ഭക്ഷണ കിയോസ്ക്കുകൾ). വിശാലമായ ഫുട്പാത്തുകളുള്ള കാൽനടയാത്രക്കാരുടെ ആധിപത്യമുള്ള തെരുവായാണ് സ്ട്രീറ്റ്സ്കേപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.<br>**ബി.ആർ.കെ കൺസ്ട്രക്ഷൻസിന് 1.99 കോടി രൂപയ്ക്ക് കരാർ നൽകി.**<br>**2021 ഡിസംബർ 31 ന് പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു**. . | **31.12,2021** |
| **29.** | പൈതൃക തെരുവുകൾ - മാനവീയം വീഥി | മ്യൂസിയം-വെള്ളയമ്പലം റോഡ് മുതൽ ആൽത്തറ ജംഗ്ഷൻ വരെയുള്ള 180 മീറ്റർ റോഡാണ് മാനവീയം വീഥി. റോഡിന്റെ വശങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന നിരവധി കലാസൃഷ്ടികൾക്കും അത് അവതരിപ്പിക്കുന്ന നിരവധി സാംസ്കാരിക പ്രകടനങ്ങൾക്കും ഈ തെരുവ് പ്രശസ്തമാണ്. തെരുവിന് ഭൗതികമായ ഒരു മനോഹാരിത നൽകിക്കൊണ്ട് വീഥിയിലെ നിലവിലെ പ്രവർത്തനങ്ങൾ സുഗമമാക്കുകയും മാനവീയം വീഥിയെ എല്ലാ അർത്ഥത്തിലും സാംസ്കാരിക തെരുവാക്കി മാറ്റുകയും ചെയ്യുക എന്നതാണ് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് ഉദ്ദേശിക്കുന്നത്. പുതിയ സ്ട്രീറ്റ്സ്കേപ്പിന്റെ രൂപകൽപ്പന കാൽനടയാത്രക്കാർക്ക് കൗതുകമുണ്ടാക്കുന്നതാണ്. പ്രധാന ഘടകങ്ങൾ അനുയോജ്യമായ തരത്തിലുള്ള ഒരു വേദി, ശിൽപ്പങ്ങൾ, ആർട്ട് ഗാലറി, വ്യായാമ പാർക്ക്, സ്ട്രീറ്റ് ലൈബ്രറി, ടോയ്‌ലറ്റുകൾ, കുടിവെള്ള ജലധാരകൾ, ഫുഡ് | **30.06.2022** |

| ക്രമ നം | പ്രോജക്റ്റ് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | | കിയോസ്കുകൾ, സൈക്കിൾ പാർക്കിംഗ് ഏരിയ എന്നിവയാണ്.<br><br>**ഇൻറർപ്രൈസസ് ഇന്നോവേഷൻസ് പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡിന് 2020 നവംബർ 3ന്, 1.408 കോടി രൂപയ്ക്ക് കരാർ നൽകി**<br><br>**നിലവിലെ പുരോഗതി:**<br><br>മാനവയം വീഥയിൽ സ്മാർട്ട് റോഡ് ജോലികൾ (യൂട്ടിലിറ്റി ഡക്റ്റിംഗ്, അനുബന്ധ ജോലികൾ) ആരംഭിച്ചു. | |
| **30.** | ഓപ്പൺ ജിമ്മിന്റെ നിമ്മാണം | ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള അവസരം ഉണ്ടാക്കുന്നതോടോപ്പം തന്നെ എല്ലാ പ്രായത്തിലുമുള്ള ആളുകളെ കൂടുതൽ സജീവമായ ഒരു ജീവിതശൈലിലേയ്ക്ക് നയിക്കാനും ഓപ്പൺ ജിം സൗകര്യം സഹായിക്കുന്നു. ശ്രീകണ്ഠേശ്വരം പാർക്ക്, ശ്രീ ചിത്രാ പാർക്ക്, ഗാന്ധി പാർക്ക് എന്നിവിടങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ പൊതുജനങ്ങൾ വളരെ നല്ലരീതിയിൽ ഉപയോഗിച്ചുവരുന്നു.<br>**ബിൽഡ് ഇന്ത്യയ്ക്കാണ് 0.310 കോടി രൂപയ്ക്ക് കരാർ നൽകിയത്. 2019 ഒക്ടോബർ 05 ന്** പണി പൂർത്തീകരിച്ചു, ബഹു. മേയർ ഉദ്ഘാടനം നിർവ്വഹിച്ചു. | പൂർത്തീകരിച്ചു |
| **31.** | പൊന്നാറ ശ്രീധർ പാർക്കിന്റെ പുനർവികസനവും ലാൻഡ്സ്കേപ്പിംഗും | പൊന്നറ ശ്രീധർ പാർക്ക് തമ്പാനൂർ റെയിൽവേ സ്റ്റേഷന് മുന്നിലായി സ്ഥിതിചെയ്യുന്നു. ഈ പദ്ധതിയിൽ ലാൻഡ്സ്കേപ്പ് മെച്ചപ്പെടുത്തി പ്രതിമയെ ഉയർത്തി സ്ഥാപിച്ചു, മീറ്റിംഗുകൾ നടത്താൻ ഒരു വേദി തയ്യാറാക്കി, പാർക്കിന്റെ സൗന്ദര്യവൽക്കരണം മെച്ചപ്പെടുത്തുന്നതിനായി ഇലക്ട്രിക് ലൈറ്റുകൾ സ്ഥാപിച്ചു, സെൽഫി പോയിന്റ്, ജലധാരയുള്ള ഒരു ആർട്ട് ഇൻസ്റ്റാളേഷൻ, സി.സി.ടി.വി. നിരീക്ഷണം എന്നിവ സ്ഥാപിച്ചു<br><br>2019 ഡിസംബർ 7ന്, **സ്റ്റേറ്റ് അഗ്രി ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 1.02 കോടി രൂപയ്ക്ക് കരാർ നൽകി.**<br>**നിലവിലെ പുരോഗതി:** | **10.08.2021** ഉദ്ഘാടനം നിർവ്വഹിച്ചു. |
| **32.** | കെ.ഡബ്ല്യു.എ.യിലെ ചിൽഡ്രൻസ് പാർക്കിന്റെ വികസനം | കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മ്യൂസിയം ജംഗ്ഷന് എതിർവശത്താണ് ചിൽഡ്രൻസ് പാർക്ക്, റോട്ടറി ക്ലബ് പരിപാലിക്കുന്നു. മെച്ചപ്പെട്ട ഭൂപ്രകൃതി, നിലവിലുള്ള ജലധാരകളുടെ പുനരുജ്ജീവിപ്പിക്കൽ എന്നിവ കൂടാതെ, ഓപ്പൺ ചെസ് കോർട്ട്, വാട്ടർ ഫീച്ചറുകൾ, റോപ്പ് ബ്രിഡ്ജ്, ഓപ്പൺ ജിം, ചിൽഡ്രൻസ് പാർക്ക്, ഫുഡ് കിയോസ്ക്, , റോളർ സ്കേറ്റിംഗ്, പാർക്കിൽ സി.സി.ടി.വി നിരീക്ഷണം ഉണ്ടാകും.<br><br>**ശ്രീ. ഇ. അബ്ദുൽ വഹാബിന് 1.923 കോടി രൂപയ്ക്ക് കരാർ നൽകി.** | **10.11.2021** |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | | **2021 നവംബർ 31നകം പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.**<br>**നിലവിലെ പുരോഗതി:** സൈറ്റ് വികസന പ്രവർത്തനങ്ങൾ നടക്കുന്നു ജലധാര, കളി ഉപകരണങ്ങൾ, ലാൻഡ്സ്കേപ്പിംഗ് പണികൾ പുരോഗമിക്കുന്നു, | |
| **33.** | 5 സ്ഥലങ്ങളിൽ സോളാർ റൂഫ് ടോപ്പുകൾ സ്ഥാപിക്കൽ | സൗരോർജ്ജം ഉപയോഗപ്പെടുത്തിക്കൊണ്ട് സുസ്ഥിരമായ ഊർജ്ജത്തിൽ പ്രവർത്തിക്കാൻ വലിയ കാമ്പസുകളെയും കെട്ടിടങ്ങളെയും സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതിനാൽ സാമ്പത്തികമായും സാമൂഹികമായും പാരിസ്ഥിതികമായും അവബോധമുള്ളവരായി മാറുന്നതിന് അവരെ സഹായിക്കുന്നു. കേരള നിയമസഭ, യൂണിവേഴ്സിറ്റി ലൈബ്രറി, സെൻട്രൽ ലൈബ്രറി, വിമൻസ് കോളേജ്, അട്ടക്കുളങ്ങര സ്കൂൾ എന്നിവിടങ്ങളിൽ പദ്ധതി ആരംഭിക്കും.<br><br>2019 നവംബർ 20 ന് **നോവസ് ഗ്രീൻ എനർജി സിസ്റ്റം ലിമിറ്റഡിന് 3.31 കോടി രൂപയ്ക്ക് കരാർ നൽകി.**<br>**നിലവിലെ പുരോഗതി: കേരള നിയമസഭ മന്ദിരത്തിൽ സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.**<br>സംസ്ഥാന സെൻട്രൽ ലൈബ്രറിയിലെയും സർക്കാർ സെൻട്രൽ ഹൈസ്കൂളിലെയും, കേരള യൂണിവേഴ്സിറ്റി ലൈബ്രറിയിലെയും വിമൻസ് കോളേജിലെയും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. | **31.10.2021** |
| **34.** | 2 സ്ഥലങ്ങളിൽ മഴവെള്ള സംഭരണം | വലിയ കാമ്പസുകളും കെട്ടിടങ്ങളും മഴവെള്ള സംഭരണ കേന്ദ്രം നടപ്പിലാക്കുന്നതിലൂടെ ജലസംരക്ഷണം നടപ്പാക്കുന്നതിനും പൗരന്മാരെ സാമൂഹികവും പാരിസ്ഥിതികവുമായ ബോധമുള്ളവരായി മാറുന്നതിനും ഈ പദ്ധതി സഹായിക്കുന്നു. വിമൻസ് കോളേജിലും തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിലും പദ്ധതി നടപ്പാക്കും.<br><br>2020 ജനുവരി 31ന് **കുടുംബശ്രീയ്ക്ക് 0.680 കോടി രൂപയ്ക്ക് കരാർ നൽകി.** | **31.03.2022** |
| **35.** | രാജാജിനഗറിലെ സംയോജിത സാമൂഹിക ഭവന സമുച്ചയ പദ്ധതി | എല്ലാ സേവനങ്ങളും വിനോദ സൗകര്യങ്ങളുമുള്ള ഭവന സമുച്ചയങ്ങളിലേക്ക് നഗരത്തിലെ ചേരികളുടെ വികസനം- ചെങ്കൽച്ചൂള / രാജാജിനഗർ. രാജാജി നഗറിലെ 2.85 ഏക്കർ സ്ഥലം ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി കണക്കാക്കുന്നു. G+3 ഘടനയിൽ 8 ബ്ലോക്കുകളായി വിതരണം ചെയ്യുന്ന 248 എണ്ണം പാർപ്പിട യൂണിറ്റുകളും ഉപജീവന കേന്ദ്രത്തിനും ഇലക്ട്രിക്കൽ റൂമിനും 8 യൂണിറ്റുകൾ വിഭാവനം ചെയ്യുന്നു. റെസിഡൻഷ്യൽ ബ്ലോക്കുകൾ കൂടാതെ റോഡുകൾ, പാർക്കിംഗ് സൗകര്യം, കമ്മ്യൂണിറ്റി സൗകര്യം, വിനോദ സൗകര്യം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. | **30.06.2023** |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | | **ശില്പ പ്രോജക്ട് ആന്റ് ഇൻഫ്രാസ്ട്രക്ചറിന് 61.42 കോടി രൂപയ്ക്ക് കരാർ നൽകി.**<br><br>**2023 ജൂൺ 30 ന് പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.**<br>**നിലവിലെ പുരോഗതി:**<br>നിലവിലുള്ള വിവരങ്ങൾ ലഭിക്കുന്നതിനായി രാജാജി നഗറിൽ സാമൂഹിക-സാമ്പത്തിക സർവേ ആരംഭിച്ചു. വിവരശേഖരണം സുഗമമാക്കുന്നതിന് സമാന്തരമായി ഡ്രോൺ സർവേയും നടത്തുന്നു. | |
| **36.** | അങ്കണവാടി 3 സ്ഥലങ്ങളിൽ നവീകരിക്കുക | അംഗൻവാടി കെട്ടിടങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ കളിപ്പാട്ടങ്ങൾ, ദൈനംദിന ഭക്ഷണം തയ്യാറാക്കുന്നതിനുള്ള അടുക്കള പാത്രങ്ങൾ, കളി ഉപകരണങ്ങളും ഉള്ള സ്ഥലങ്ങൾ, സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാട്ടർ പ്യൂരിഫയർ, ഡിപ്പാർട്ട്മെന്റൽ, അംഗൻവാടി ആവശ്യകതകൾക്കായി ഐ.ടി അധിഷ്ഠിത പഠനസൗകര്യങ്ങൾ, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സി.സി.ടി.വി. നിരീക്ഷണം എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. രാജാജി നഗർ, തമ്പാനൂർ യു.പി.എസ്, ഫോർട്ട് സംസ്കൃത സ്കൂൾ എന്നിവിടങ്ങളിലെ അങ്കണവാടികളാണ്. 3 സ്ഥലങ്ങളിൽ അംഗൻവാടികളുടെ നവീകരണം<br><br>**2019 മെയ് 27ന് ശ്രീ. എസ്. സതികുമാറിന് 0.380 കോടി രൂപയ്ക്ക് കരാർ നൽകി. 2020 മാർച്ച് 25 ന് പൂർത്തിയായി.**<br><br>**ബാക്കിയുള്ള ജോലികൾ:** ലാപ്ടോപ്പുകളും പ്രൊജക്ടറുകളും മറ്റ് ഐടി ഉപകരണങ്ങളും വാങ്ങി നൽകും. | പൂർത്തീകരിച്ചു |
| **37.** | രാജാജി നഗറിലെ പൊതുജനാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം | രാജാജി നഗറിലെ പബ്ലിക് ഹെൽത്ത് സെന്റർ (പി.എച്ച്സി.) മാത്രമാണ് എ.ബി.ഡി. അതിർത്തിക്കുള്ളിൽ വരുന്നത്. പബ്ലിക് ഹെൽത്ത് സെന്റർ കെട്ടിടത്തിന്റെ ഭാഗമായി ഒരു അംഗൻവാടിയുണ്ട്. അംഗൻവാടി മാറ്റാൻ കഴിയാത്തതിനാൽ, പബ്ലിക് ഹെൽത്ത് സെന്റർ, അംഗൻവാടി എന്നിവയ്ക്ക് പ്രത്യേക എൻട്രികൾ നൽകി കെട്ടിടം പുനർനിർമ്മിക്കാനാണ് നിർദ്ദേശം. ഇൻഡോർ, ഔട്ട് ഡോർ. പ്ലേ ഏരിയ, സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലം, മികച്ച സജ്ജീകരണമുള്ള അടുക്കള എന്നിവ ഉപയോഗിച്ചാണ് അംഗൻവാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ഒരു മോഡൽ പബ്ലിക് ഹെൽത്ത് സെന്ററായി മാറ്റുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. എൻ.എച്ച്.എം മാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്യും.<br><br>**ശ്രീ. ഇ. അബ്ദുൽ വഹാബിന് 1.805 കോടി രൂപയ്ക്ക് കരാർ നൽകി.**<br>**2022 ഫെബ്രുവരി 28നകം പണി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.** | **28.02.2022** |

| ക്രമ നം | പ്രോജക്ട് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | | **നിലവിലെ പുരോഗതി:** പൊളിക്കൽ ജോലികൾ പൂർത്തിയായി, പൈലിംഗ് ജോലികൾ ആരംഭിച്ചു. | |
| **38.** | ആർ.കെ.വി. റോഡിൽ വെൻഡിംഗ് സോണിന്റെ നിർമ്മാണം | തിരുവനന്തപുരം മൃഗശാലക്കും നേപ്പിയർ മ്യൂസിയത്തിനും കനകക്കുന്നു പാലസ് മൈതാനത്തിനുമിടയിൽ 290 മീറ്റർ ദൂരത്തിൽ ഈ പദ്ധതി വിന്യസിച്ചിരിക്കുന്നു. സാംസ്കാരിക പരിപാടികളുടെ കേന്ദ്രമായ നിശാഗന്ധി ഓഡിറ്റോറിയത്തിലേക്ക് ഈ റോഡ് നയിക്കുന്നു. ഈ പ്രദേശം എല്ലായ്പ്പോഴും സജീവമാണ്. ഈ സ്ഥലത്തെ തെരുവ് കച്ചവടക്കാർ 15 വർഷമായി സജീവമായി പ്രവർത്തിക്കുന്നു. ആർ.കെ.വി. റോഡിൽ വെൻഡിംഗ് സോണുകൾ, ലാൻഡ്സ്കേപ്പ്, പാർക്കിംഗ് എന്നിവയ്ക്കായി വ്യക്തമായ അതിർത്തി നിർണ്ണയിക്കാൻ എസ്.സി.ടി.എൽ. നിർദ്ദേശിച്ചു. വെൻഡിംഗ് സോണിൽ കാൽനടയാത്രക്കാരുടെ പ്രബലമായ സ്ട്രീറ്റ് സ്ട്രെച്ച് (7.5 മീറ്റർ വീതിയുള്ള നടപ്പാത), മുൻകൂട്ടി നിർമ്മിച്ച കടകൾ, ഇരിപ്പിടങ്ങൾ, കുടിവെള്ള കിയോസ്ക്, മാലിന്യ വിഭജന ബിൻ, കോമൺ വാഷ് ഏരിയ എന്നിവ ഉണ്ടായിരിക്കും. പാർക്കിംഗ് ഏരിയയിൽ 30 ഫോർ വീലറിനും 35 ഇരുചക്ര വാഹന പാർക്കിംഗിനും ഇടമുണ്ടാകും. ലാൻഡ്സ്കേപ്പ്ഡ് വെയിറ്റിംഗ് ഏരിയകൾ, ഇ-ഓട്ടോ പാർക്കിംഗ് ഏരിയ എന്നിവയ്ക്കൊപ്പം എൻട്രി പോയിന്റിൽ എൽ.ഇ.ഡി. ഡിസ്പ്ലേകൾ നൽകും.<br><br>**ശ്രീ. ഇ. അബ്ദുൽ വഹാബിന് 2.02 കോടി രൂപയ്ക്ക് കരാർ നൽകി. 2022 ഫെബ്രുവരി 28ന് പണി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു**.<br>**നിലവിലെ പുരോഗതി:** വെന്റിംഗ് യൂണിറ്റ് ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിക്കുന്നു. | **28.02.2022** |
| **39.** | ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ - സിവിൽ | തിരുവനന്തപുരം നഗരത്തിനായി ഒരു കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള ഓഫീസ് കെട്ടിടത്തിനുള്ള നിർദ്ദേശമാണ് ഈ പദ്ധതി. ഒരു നഗരം കൈകാര്യം ചെയ്യുന്നതിന് ഒരു സംയോജിത കേന്ദ്രത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിലേക്കുള്ള വിപുലീകരണമായിരിക്കും ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ കെട്ടിടം.<br>**ബി.ആർ.കെ കൺസ്ട്രക്ഷന് 1.372 കോടി രൂപയ്ക്ക് കരാർ നൽകി. 2022 ജൂൺ 30 നകം പണി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു**.<br><br>**നിലവിലെ പുരോഗതി:** സിവിൽ വർക്കുകൾ ഉടൻ ആരംഭിക്കുന്നതാണ്. | **30.06.2022** |
| **40.** | ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്ററിനായി | ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പ്രവർത്തന വിവരങ്ങൾ യഥാസമയം ദൈനംദിന അടിസ്ഥാനത്തിൽ ശേഖരിച്ച് ഫലപ്രദവും കാര്യക്ഷമവുമായ സേവന | **22.05.2022** |

| ക്രമ നം | പ്രോജക്റ്റ് | സ്റ്റാറ്റസ് | പൂർത്തീകരണ തീയതി |
|---|---|---|---|
| | മാസ്റ്റർ സിസ്റ്റം ഇന്റഗ്രേറ്റർ തിരഞ്ഞെടുക്കൽ | വിതരണത്തിനുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ സെന്ററായി വിഭാവനം ചെയ്യുന്നു. ഓട്ടോമേറ്റഡ് സെൻസറുകളും സിസ്റ്റങ്ങളും വിവിധ ഡാറ്റാ സെറ്റുകൾ ഐ.സി.എം.സി.സി.യിലേക്ക് അയയ്ക്കും. അവ ആവശ്യമായ തീരുമാനങ്ങൾക്കായി പ്രധാനപ്പെട്ട വിവരങ്ങൾ നേടുന്നതിനായി ശേഖരിക്കുകയും പ്രോസസ്സ് ചെയ്യുകയും വിശകലനം ചെയ്യുകയും ചെയ്യും.<br>**എൻ.ഇ.സി കോർപ്പറേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് (NEC Corporation India pvt Ltd) 94.689 കോടി രൂപയ്ക്ക് കരാർ നൽകി.**<br><br>**2022 മെയ് 22ന് പൂർത്തീയാകുമെന്ന് പ്രതീക്ഷിക്കുന്നു.**<br>**നിലവിലെ പുരോഗതി:** SRS ഘട്ടം തുടരുന്നു. | |
| **41.** | സിസ്റ്റം ഇന്റഗ്രേറ്റർ- ടി.എസ്.സി.സി.സി (ഐ.റ്റി.എം.എസ് & എ.റ്റി.സി.എസ്) തിരഞ്ഞെടുക്കൽ | പാൻ സിറ്റി ഏരിയയിലെ പുതിയ 26 ലൊക്കേഷനുകളിൽ നിലവിലുള്ള 72 സ്ഥലങ്ങൾ നവീകരിക്കുകയും അധിക ക്യാമറകൾ നൽകുകയും ചെയ്യും. (ആകെ ക്യാമറകൾ 885 എണ്ണം). പ്രധാന ഘടകങ്ങളിൽ ഇവ ഉൾപ്പെടുന്നു: i) സിറ്റി നിരീക്ഷണം, ii) ഇന്റലിജന്റ് വീഡിയോ അനലിറ്റിക്സ് & വീഡിയോ വാൾ iii) സ്മാർട്ട് ട്രാഫിക് നിയന്ത്രണം iv) സ്മാർട്ട് ഗവേണൻസും സിറ്റിസൺ സേവനങ്ങളും v) നെറ്റ്‌വർക്ക് ബാക്ക്ബോൺ.<br><br>**മദ്രാസ് സെക്യൂരിറ്റി പ്രിന്റർ പ്രൈവറ്റ് ലിമിറ്റഡിന് 64.279 കോടി രൂപയ്ക്ക് കരാർ നൽകി.**<br>**2021 ഡിസംബർ 31 നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.**<br>**നിലവിലെ പുരോഗതി:** പൈലറ്റ് ലൊക്കേഷനുകൾക്കായുള്ള സർവേ (20_ എണ്ണം) പൂർത്തിയായി. 20 ലൊക്കേഷനുകൾക്കുള്ള സിവിൽ ജോലികൾ ആരംഭിച്ചു. | **31.12.2021** |
| **42.** | കൊതുക് നിയന്ത്രണ സംവിധാനം | കൊതുകുകളുടെ സ്പീഷിസുകളെ കണ്ടെത്താനും തരംതിരിക്കാനും ഒപ്റ്റിക്കൽ സെൻസർ സാങ്കേതികവിദ്യകളുടെ സംയോജനമാണ് കൊതുക് കണ്ടെത്തലും വർഗ്ഗീകരണ സംവിധാനവും ഉപയോഗിക്കുന്നത്. ഈ സെൻസർ പാക്കേജ് കാലാവസ്ഥാ പ്രതിരോധശേഷിയുള്ള ഒരു ചുറ്റുപാടിൽ സ്ഥാപിക്കും. ഇത് നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ചെലവ് കുറഞ്ഞതായി രൂപകൽപ്പന ചെയ്തിട്ടുണ്ട്. വൈദ്യുത സ്രോതസ്സുള്ള ഇലക്ട്രിക് തൂണുകളിലോ മറ്റ് പ്രസക്തമായ പൊതു ഇൻഫ്രാസ്ട്രക്ചറുകളിലോ സെൻസറുകൾ സ്ഥാപിക്കും.<br><br>**ട്രാക്കിറ്റ് നൌ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡിന് 0.54 കോടി രൂപയ്ക്ക് കരാർ നൽകി.** | **പൂർത്തീകരിച്ചു** |

# AMRUT PROJECT STATUS AS ON 18.10.2021

അനുബന്ധം

## SECTOR WISE

| Sector | Total Project | | AS Accorded | | TS Issued | | Tendered | | Work Awarded | | Work Completed | | Expenditure | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Nos. | SAAP Cost | Nos. | Amount | Nos. | Amount | Nos. | Amount | Nos. | Amount | Nos. | Amount | Amount | % |
| Water Supply | 173 | 1083 | 173 | 1120.38 | 172 | 1094.02 | 172 | 1088.79 | 170 | 1042.51 | 115 | 296.03 | 779.97 | 69.62% |
| Sewerage | 138 | 628.87 | 138 | 653.72 | 137 | 502.43 | 134 | 497.21 | 125 | 411.76 | 84 | 16.76 | 83.68 | 12.80% |
| Storm Water Drainage | 496 | 385.21 | 496 | 353.84 | 496 | 346.11 | 496 | 345.99 | 496 | 333.9 | 427 | 181.22 | 237.82 | 67.21% |
| Urban Transport | 123 | 212.04 | 123 | 206.66 | 122 | 189.97 | 122 | 188.07 | 120 | 177.81 | 71 | 42.67 | 83.82 | 40.56% |
| Parks | 72 | 48.59 | 72 | 46.4 | 72 | 45.64 | 72 | 45.49 | 72 | 43.22 | 41 | 16.02 | 25.09 | 54.07% |
| **Grand Total** | **1002** | **2357.7** | **1002** | **2381** | **999** | **2178.17** | **996** | **2165.55** | **983** | **2009.22** | **738** | **552.69** | **1210.38** | **50.83%** |

## CITY WISE

| City | Total Project | | AS Accorded | | TS Issued | | Tendered | | Work Awarded | | Work Completed | | Expenditure | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Nos. | SAAP Cost | Nos. | Amount | Nos. | Amount | Nos. | Amount | Nos. | Amount | Nos. | Amount | Amount | % |
| Trivandrum | 270 | 357.5 | 270 | 360.12 | 270 | 331.24 | 270 | 331.24 | 266 | 323.21 | 227 | 65.93 | 200.55 | 55.69% |
| Thrissur | 109 | 269.93 | 109 | 259.62 | 108 | 238.05 | 108 | 238.05 | 107 | 191.75 | 75 | 53.49 | 128.52 | 49.50% |
| Palakkad | 150 | 221.75 | 150 | 220.02 | 150 | 202.11 | 150 | 198.32 | 149 | 174.66 | 104 | 55.55 | 133.3 | 60.59% |
| Kozhikode | 50 | 274.76 | 50 | 308.14 | 50 | 307.46 | 50 | 302.23 | 50 | 302.23 | 44 | 108.15 | 116.05 | 37.66% |
| Kannur | 38 | 225.72 | 38 | 225.65 | 38 | 199.54 | 38 | 199.42 | 38 | 197.61 | 24 | 124.93 | 140.63 | 62.32% |
| Kollam | 59 | 253.45 | 59 | 302 | 57 | 203.51 | 57 | 203.51 | 55 | 177.12 | 38 | 25.73 | 65.17 | 21.58% |
| Kochi | 98 | 328.78 | 98 | 272.06 | 98 | 264.46 | 98 | 264.46 | 95 | 216.23 | 77 | 63.1 | 133.84 | 49.19% |
| Guruvayur | 33 | 203.1 | 33 | 213.71 | 33 | 213.71 | 33 | 213.71 | 33 | 213.71 | 11 | 12.83 | 134.72 | 63.04% |
| Alappuzha | 195 | 222.7 | 195 | 219.68 | 195 | 218.1 | 192 | 214.62 | 190 | 212.7 | 138 | 42.99 | 157.6 | 71.74% |
| **Grand Total** | **1002** | **2357.7** | **1002** | **2381** | **999** | **2178.17** | **996** | **2165.55** | **983** | **2009.22** | **738** | **552.69** | **1210.38** | **50.83%** |